ഉത്തരം

(എ) ഇക്കാര്യത്തിൽ സഹകരണ സംഘം രജിസ്ട്രാർ 12-4-2004, 20-4-2004, 5-5-2004 എന്നീ തീയതികളിലായി പുറപ്പെടുവിച്ച ഉത്തരവുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) 31-7-2004-ൽ.

(സി) സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളിൽ വൺ ടൈം സെറ്റിൽമെന്റ് പദ്ധതി പ്രകാരം 31-3-2000-ൽ നിഷ്ക്രിയ ആസ്തിയായ വായ്പകൾ കുടിശ്ശികയായ തീയതി മുതൽ 31-3-2000 വരെ 12 ശതമാനം സാധാരണ പലിശ മാത്രം കണക്കാക്കി മറ്റ് പിഴപലിശയും ചെലവുകളും 31-3-2000-നു ശേഷമുള്ള പലിശ മുഴുവനായും ഒഴിവാക്കി 12 തുല്യ ഗഡുക്കളായി തുക അടച്ച് വായ്പ അവസാനിപ്പിക്കാവുന്നതാണ്.

(ഡി) ഇക്കാര്യത്തിൽ വലിയ ബാദ്ധ്യത വരാനിടയില്ല. കിട്ടാക്കടം പിരിഞ്ഞു കിട്ടുന്നതുവഴി സംഘങ്ങളുടെ ഭാവി നടത്തിപ്പിന് പ്രയോജനം ചെയ്യുന്നതാണ്.

പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് വായ്പ നൽകുന്ന സഹകരണ ബാങ്കുകൾ

158 [2285] ശ്രീ. വി. ഡി. സതീശൻ:

„ പി. ജെ. ജോയി:

„ ജോർജ് ജെ. മാത്യു:

„ ടി. വി. ചന്ദ്രമോഹൻ:

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും ഉൾപ്പെടെ എത്ര സഹകരണ സ്ഥാപനങ്ങൾ ഉന്നത വിദ്യാഭ്യാസത്തിനും പ്രൊഫഷണൽ വിദ്യഭ്യാസത്തിനും വായ്പ നൽകുന്നുണ്ട്;

(ബി) അവയുടെ പേരുവിവരമടങ്ങുന്ന ലിസ്റ്റ് വെളിപ്പെടുത്തുമോ;

(സി) എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായാണ് ഈ വായ്പ നൽകുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) 2002-2003-ൽ എത്ര വിദ്യാർത്ഥികൾക്ക് ഈ ബാങ്കുകൾ വിദ്യാഭ്യാസ വായ്പ നൽകിയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി—ഡി) വിവരം ശേഖരിച്ചു വരുന്നു.

† അനുബന്ധം XI, XIA, XIB

LIBRARY ARCHIVES Kerala Legislative Assembly